# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊറ്റങ്കര ഗ്രാമപഞ്ചായത്ത് - പൊതുമാർക്കറ്റ് നിർമ്മാണം - കൊറ്റങ്കര വില്ലേജിലെ റീസർവ്വേ നമ്പർ 263/10-ൽപ്പെട്ട 80 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ-പ്പെടുത്തി അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 767/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മാർച്ച് 26, 2009.

---

പരാമർശം:

1. കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ 30-08-2008-ലെ V (1) -ാം നമ്പർ തീരുമാനം.
2. കൊറ്റങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23-09-2008-ലെ എ2-2159/08 (1) നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 24-09-2008-ലെ സി.2-29639/08 നമ്പർ കത്ത്.
4. കൊല്ലം ജില്ലാ കളക്ടറുടെ 3-3-2009-ലെ എൽ.എ.6-30576/08 നമ്പർ കത്ത്.

## ഉത്തരവ്

കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പരാമർശം (2) -ലെ അപേക്ഷയുടേയും പഞ്ചായത്ത് ഡയറക്ടർ, കൊല്ലം ജില്ലാ കളക്ടർ എന്നിവരുടെ യഥാക്രമം പരാമർശം (3), (4) എന്നിവയിലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, പൊതു മാർക്കറ്റ് സ്ഥാപിക്കുന്നതിനായി കൊറ്റങ്കര വില്ലേജിൽ ബ്ലോക്ക് 16-ൽ റീസർവ്വേ നമ്പർ 263/10-ൽപ്പെട്ട 80 സെന്റ് സ്ഥലം അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി കൊല്ലം ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

ii. അക്വിസിഷൻ സംബന്ധമായി 2000-ലെ കേരളാ പഞ്ചായത്ത്രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

iii. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയോ വ്യവഹാരങ്ങളിൽ ബാധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.അനിൽകുമാർ,**
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി/പ്രസിഡന്റ്,കൊററങ്കര ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.

ജില്ലാ കളക്ടർ, കൊല്ലം.

(മറുപുറം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.